**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2690** **04-03-2025 - ൽ മറുപടിയ്ക്ക്**

**ഹൗസിംഗ് സഹകരണ സംഘത്തിൽ കുടിശ്ശിക നിവാരണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | നവകേരളീയം കുടിശ്ശിക നിവാരണ പദ്ധതിയിൽ ഹൗസ് ഫെഡിന്റെ സഹായത്തോടെ പ്രവർത്തിക്കുന്ന ഹൗസിംഗ് സഹകരണ സംഘത്തെ ഉൾപ്പെടുത്തിയിട്ടുണ്ടോ; അറിയിക്കുമോ; | (എ) | നവകേരളീയം കുടിശ്ശിക നിവാരണ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ ഭാഗമായി അനുയോജ്യവും ഗുണകരവുമായ പദ്ധതി ആവിഷ്കരിച്ച് സഹകരണ സംഘം രജിസ്ട്രാറുടെ അംഗീകാരത്തിനായി സമർപ്പിക്കാമെന്ന് ഹൗസ്ഫെഡ്/ഹൗസിംഗ് സഹകരണ സംഘങ്ങൾക്ക് നൽകിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയ്ക്കായി ഹൗസ്ഫെഡ് പ്രത്യേക പദ്ധതി സമർപ്പിക്കുകയും ആയതിന് സഹകരണ സംഘം രജിസ്ട്രാർ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതി പ്രകാരം ഹൗസ്ഫെഡിലെ അംഗങ്ങളായ പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങൾ ഫെഡറേഷനിലെ വായ്പാ കണക്കുകൾ ഒറ്റത്തവണയായി അവസാനിപ്പിക്കുമ്പോൾ പലിശയിലും പിഴപ്പലിശയിലും ഇളവുകൾ നൽകി വരുന്നുണ്ട്. |
| (ബി) | ഇല്ലെങ്കിൽ പ്രസ്തുത സംഘത്തിലും ഇത്തരം കുടിശ്ശിക നിവാരണ പദ്ധതി നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ? | (ബി) | നവകേരളീയം കുടിശ്ശിക നിവാരണ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ ഭാഗമായി അനുയോജ്യവും ഗുണകരവുമായ പദ്ധതി ആവിഷ്കരിച്ച് സഹകരണ സംഘം രജിസ്ട്രാറുടെ അംഗീകാരത്തിനായി സമർപ്പിക്കാമെന്ന് ഹൗസ്ഫെഡ്/ഹൗസിംഗ് സഹകരണ സംഘങ്ങൾക്ക് നൽകിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയ്ക്കായി ഹൗസ്ഫെഡ് പ്രത്യേക പദ്ധതി സമർപ്പിക്കുകയും ആയതിന് സഹകരണ സംഘം രജിസ്ട്രാർ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതി പ്രകാരം ഹൗസ്ഫെഡിലെ അംഗങ്ങളായ പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങൾ ഫെഡറേഷനിലെ വായ്പാ കണക്കുകൾ ഒറ്റത്തവണയായി അവസാനിപ്പിക്കുമ്പോൾ പലിശയിലും പിഴപ്പലിശയിലും ഇളവുകൾ നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ